(iv) മലയാളത്തിൽ

കേരളത്തിൽ ഇസ്‌ലാമിക സാഹിത്യത്തെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കുകയും പറയുകയും ചെയ്തവരിൽ പ്രമുഖൻ പരേതനായ ഇ.വി. അബ്ദുവാണ്. ഇവ്വിഷയകമായുള്ള അദ്ദേഹത്തിന്റെ പല രചനകളും *പ്രബോധനം* വാരികയുടെയും മാസികയുടെയും പഴയ താളുകളിൽ കാണാം. ഗഹനമായ ചിന്തയും ഭംഗിയാർന്ന ആവിഷ്കരണവും കൊണ്ട് ശ്രദ്ധേയമാണവ. ഇസ്‌ലാമിക സാഹിത്യത്തെയും സൗന്ദര്യശാസ്ത്രത്തെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകളും അവ പറഞ്ഞു ഫലിപ്പിക്കുന്നതിനുള്ള ശക്തമായ ഭാഷയും ഇ.വി.ക്ക് ഉണ്ടായിരുന്നു. കൂടുതൽ ചിന്തിക്കുകയും അല്പം മാത്രം എഴുതുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. സുഹൃത്തുക്കളുമായുള്ള സരസ സംഭാഷണങ്ങളിലൂടെയാണ് ഇസ്‌ലാമിക സാഹിത്യ സംബന്ധമായുള്ള അദ്ദേഹത്തിന്റെ മൗലികതയാർന്ന വീക്ഷണങ്ങളധികവും വിനിമയം ചെയ്യപ്പെട്ടിരുന്നത്. ലോക നിലവാരമുള്ള ഉന്നത ഇസ്‌ലാമിക സാഹിത്യം സൂഫീ രചനകളിലാണ് കാണുന്നതെന്നാണ് അബ്ദുവിന്റെ അഭിപ്രായം. ഇസ്‌ലാമിക സാഹിത്യം രചയിതാവിന്റെ ആത്മാവിന്റെ അംശമായി മാറാത്തതാണ് അത് ധാരാളമായി ഉണ്ടാവാത്തതിന്റെ കാരണമെന്നും എഴുത്തുകാരന്റെ വേരുകളിൽനിന്ന് നാമ്പെടുത്ത് പൂത്തു വിരിയുന്നതേ തനിമയുള്ളതാകൂ എന്നും അദ്ദേഹം പറയുന്നു.

പ്രശസ്ത സാഹിത്യ വിമർശകനായ ഇബ്റാഹീം ബേവിഞ്ച ഈ രംഗത്ത് നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ *ഇസ്‌ലാമിക സാഹിത്യം മലയാളത്തിൽ* എന്ന കൃതിയാണ് മലയാളത്തിൽ ഇസ്‌ലാമിക സാഹിത്യ സംബന്ധമായി പുറത്തിറങ്ങിയ ആദ്യത്തെ പുസ്തകം. അക്കാദമിക കൗതുകത്തിനപ്പുറം ഇസ്‌ലാമിക സാഹിത്യത്തിനു വേണ്ടിയുള്ള ദാഹവും ബേവിഞ്ചയുടെ കൃതികളിൽ പ്രകടമാണ്. സാഹിത്യകാരന്മാർ സ്വന്തം പാരമ്പര്യങ്ങളിൽനിന്ന് ഊർജം വലിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ആംഗലേയ സാഹിത്യപ്രതിഭയായ എലിയറ്റിന്റെ പിൻബലത്തോടെ ബേവിഞ്ച ഓർമിപ്പിക്കുന്നുണ്ട്. ഇസ്‌ലാമിക സാഹിത്യത്തിന്റെ സിദ്ധാന്ത തലങ്ങളെയും വിശുദ്ധ ഖുർആന്റെ സൗന്ദര്യ മാനങ്ങളെയുമെല്ലാം ഭംഗിയായി അദ്ദേഹം അവതരിപ്പിക്കുന്നു. എന്നാൽ, അവയുടെ അടിസ്ഥാനത്തിൽ സ്വന്തമായ ഒരു സാഹിത്യ നിരൂപണ സമ്പ്രദായം രൂപപ്പെടുത്തിയെടുക്കാനും തന്റെ സാഹിത്യ വിമർശനങ്ങൾക്ക് ഇസ്‌ലാമികമായ ഒരു അടിത്തറ നല്കുവാനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

രചനകൾ

അറബി-മലയാള സാഹിത്യമെന്നും മാപ്പിള സാഹിത്യമെന്നുമൊക്കെ വ്യവഹരിക്കപ്പെടുന്ന തനതായ ഒരു സാഹിത്യ പാരമ്പര്യത്തിന്റെ ഉടമകളാണ് കേരളത്തിലെ മുസ്‌ലിംകൾ. ചുരുക്കം അപവാദങ്ങളൊഴിച്ചു നിർത്തിയാൽ മാപ്പിള സാഹിത്യം മുഴുക്കെ ഇസ്‌ലാമിക മൂല്യങ്ങളും സംസ്കാരങ്ങളും പ്രതിഫലിപ്പിക്കുന്നവയാണ്. ഇന്നും ഈ പാരമ്പര്യത്തിന് വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. ഖാദി മുഹമ്മദിന്റെ *മുഹ്‌യിദ്ദീൻ മാല*യാണ് മാപ്പിള സാഹിത്യത്തിലെ പ്രഥമ കൃതി. ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങൾ വാഴ്ത്തുന്ന ഇത് സാഹിത്യ പരിഗണനകൾ വച്ചുനോക്കുമ്പോൾ ഉയർന്ന നിലവാരം പുലർത്തുന്നതാണെങ്കിലും ധാരാളം അന്ധവിശ്വാസങ്ങൾ അടങ്ങിയിട്ടുള്ളതാണ്. കുണ്ടോട്ടിക്കാരനായ മോയിൻ കുട്ടി വൈദ്യരാണ് മാപ്പിളപ്പാട്ടിലെ എക്കാലത്തെയും മികച്ച പ്രതിഭയായി കണക്കാക്കപ്പെടുന്നത്. ബദ്ർ, ഉഹുദ്, ഹിജ്റഃ തുടങ്ങിയ ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെ മനോഹരമായ മാപ്പിളപ്പാട്ടുകളിൽ അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്. ബദ്ർ യുദ്ധത്തെ മാപ്പിളപ്പാട്ടിൽ ആവിഷ്കരിച്ച ചാക്കീരി അഹ്മദ് കുട്ടി അറബി-മലയാള സാഹിത്യത്തിലെ മറ്റൊരു അതികായനാണ്. കേരളീയ മുസ്‌ലിംകളിൽ പ്രചാരം നേടിയിരുന്ന സൂഫീ ത്വരീഖതുകളുടെ സ്വാധീനം പഴയ മാപ്പിളപ്പാട്ടുകളിൽ ഏറെ പ്രകടമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച പുലിക്കോട്ടിൽ ഹൈദറിന്റെ പാട്ടുകളിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ ശബ്ദം മുഴങ്ങുന്നുണ്ട്.

അറബി-മലയാളം ലിപിയിലാണ് മാപ്പിളപ്പാട്ടുകൾ എഴുതപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ മലയാള സാഹിത്യത്തിന്റെ ഭാഗമായി അത് പരിഗണിക്കപ്പെട്ടിരുന്നില്ല. ഈ മനോഭാവത്തിന് മാറ്റമുണ്ടാക്കിയത് പ്രശസ്ത കവി ടി. ഉബൈദാണ്. പാട്ടെഴുത്തുകാരനെന്ന പോലെ പ്രഗല്ഭനായ കവിയുമായിരുന്നു അദ്ദേഹം. ഇസ്‌ലാമിക ബോധം ഏറ്റവും ശക്തമായ രൂപത്തിൽ പ്രതിഫലിപ്പിക്കുന്നതാണ് ഉബൈദിന്റെ കവിതകളും പാട്ടുകളും. മാപ്പിളപ്പാട്ടിലെ ആധുനിക പ്രതിഭകളിൽ പി.ടി. അബ്ദുർറഹ്മാൻ, എം.എ. കൽപറ്റ തുടങ്ങിയവരുടെ പേരുകൾ ഏറെ ശ്രദ്ധേയമാണ്. പി.ടി. അബ്ദുർറഹ്മാൻ മാപ്പിളപ്പാട്ട് രചയിതാവ് എന്നതിന് പുറമേ കവി എന്ന നിലയിലും മലയാള സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠനാണ്. *അൽമവാഹിബുൽ ജലിയ്യഃ* എന്ന തത്ത്വോപദേശ ഗാനങ്ങളുടെ കർത്താവായ തഴവാ മുഹമ്മദ് കുഞ്ഞു മൗലവിയുടെ നാമവും സ്മരണീയമാണ്. എസ്.എ. ജമീൽ, ഇ.കെ.എം. പന്നൂർ തുടങ്ങിയവരും ഒട്ടേറെ മികച്ച ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഇവരെല്ലാം അവരുടെ ഇസ്‌ലാമികാഭിമുഖ്യം കൊണ്ടുകൂടി ശ്രദ്ധേയരാണ്. എന്നാൽ ഈ രംഗത്ത് ഏറ്റവും വിജയിച്ച കവി അബൂസഹ്‌ലഃ എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന മർഹൂം യു.കെ. ഇബ്റാഹീം മൗലവിയാണ്. ഇസ്‌ലാമിക ചിന്ത ഇത്ര ശക്തമായും ഉദ്ദേശ്യപൂർവവും മാപ്പിളപ്പാട്ടിലൂടെ ആവിഷ്കരിച്ച മറ്റൊരു പാട്ടെഴുത്തുകാരനില്ല. *നൂഹ്നബിയും സമുദായവും, മൂസാനബിയും ഫിർഔനും* തുടങ്ങിയ അദ്ദേഹത്തിന്റെ ചരിത്രഗാനങ്ങൾ ഏറെ ജനപ്രീതി നേടുകയുണ്ടായി. എന്നാൽ തന്റെ മാസ്റ്റർ പീസ് *മിന്നിതിളങ്ങും മിന്നാമിനുങ്ങിന്റെ* എന്നു തുടങ്ങുന്ന നീണ്ട ഗാനമാണ്. ഇസ്‌ലാമിന്റെ ജീവിത ദർശനം മനോഹരമായും സമഗ്രമായും ഈ പാട്ടിൽ അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. അബൂസഹ്‌ലഃയുടെ മുകളിൽ പറഞ്ഞതും അല്ലാത്തതുമായ പാട്ടുകളുടെ സമാഹാരം *വിഹായസ്സിന്റെ വിരിമാറിൽ* എന്ന ശീർഷകത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

മലയാള ഭാഷയിൽ സാഹിത്യ രചന നടത്തുന്ന പ്രതിഭാധനരായ ധാരാളം മുസ്‌ലിം എഴുത്തുകാരുണ്ട്. കേരളത്തിലെ മുസ്‌ലിം ജീവിതത്തെ പശ്ചാത്തലമാക്കി എണ്ണമറ്റ കഥകളും നോവലുകളും നാടകങ്ങളും ഇവർ മലയാള ഭാഷക്ക് സംഭാവന ചെയ്തിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് രചന നടത്തുന്നവർ ഇവരിൽ വിരളമത്രേ. വൈക്കം മുഹമ്മദ് ബഷീറാണ് ഇതിനൊരപവാദം. അദ്ദേഹത്തിന്റെ മിക്ക കഥകളിലും ഇസ്‌ലാമിന്റെ മൂല്യങ്ങളും പ്രപഞ്ച സങ്കല്പങ്ങളും ഒളിമിന്നുന്നുണ്ട്. *ഓർമയുടെ അറകളിൽ* ഇസ്‌ലാം മറയില്ലാതെത്തന്നെ കടന്നുവരുന്നതു കാണാം. ടി. യൂസുഫിന്റെ *കണ്ടം ബെച്ച കോട്ട്*, ബി. മുഹമ്മദിന്റെ *മരുപ്പച്ച* തുടങ്ങിയ നാടകങ്ങൾ ഇസ്‌ലാമികമായ ഇതിവൃത്തം ഉൾക്കൊള്ളുന്നവയാണ്. പൊൻകുന്നം സെയ്തു മുഹമ്മദിന്റെ *മാഹമ്മദം* പ്രവാചകന്മാരുടെ ജീവചരിത്രം മഹാകാവ്യമായി ആവിഷ്കരിക്കുന്ന ഒരുജ്ജ്വല കൃതിയാണ്. യൂസുഫലി കേച്ചേരി ഇസ്‌ലാമിക ഇതിവൃത്തമുള്ള ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്. എൻ.പി. മുഹമ്മദ്, പുനത്തിൽ കുഞ്ഞബ്ദുല്ല, യു.എ. ഖാദർ, ബി.എം. സുഹ്റ, പി.എ. മുഹമ്മദ് കോയ, വി.പി. മുഹമ്മദ് തുടങ്ങി ഒട്ടേറെ പേർ മുസ്‌ലിം സാമൂഹിക ജീവിതത്തെ ആസ്പദമാക്കി കഥകളും നോവലുകളും രചിച്ചിട്ടുണ്ട്. എന്നാൽ ഇപ്പറഞ്ഞവരാരും തന്നെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടല്ല തങ്ങളുടെ സാഹിത്യ സൃഷ്ടികൾ നടത്തുന്നത് എന്നതാണ് വസ്തുത. അതേസമയം ഇസ്‌ലാമികമെന്ന് പറയാവുന്ന ഒറ്റപ്പെട്ട ചില രചനകൾ ഇവരിൽ പലരും രചിക്കുകയുണ്ടായിട്ടുണ്ടെന്നുള്ളത് നിഷേധിക്കാനും വയ്യ.

ഇസ്‌ലാമിനോടു കറകളഞ്ഞ ആഭിമുഖ്യം പുലർത്തുന്ന രചനകൾ മലയാള ഭാഷയിൽ വളരെ കുറവാണ്. ഉള്ളവ തന്നെ നിലവാരത്തിന്റെ കാര്യത്തിൽ അത്രയൊന്നും മെച്ചവുമല്ല. ഇപ്പറഞ്ഞതിന് ഒരു അപവാദമാണ് മഹാകവി ടി. ഉബൈദ്. ശുദ്ധമായ ഇസ്‌ലാമികാവബോധവും ഉയർന്ന കാവ്യമൂല്യവും കവിതകളിൽ ഒത്തിണക്കിയ അദ്ദേഹത്തിന് സമാനനായി മറ്റൊ

രാളെ കണ്ടെത്തുക പ്രയാസം. ഈ രംഗത്ത് വലിയൊരളവുവരെ വിജയിക്കാൻ കഴിഞ്ഞ മറ്റൊരാൾ പി.ടി. അബ്ദുർറഹ്മാനാണ്. നിലവാരമുള്ള കവിതകൾ എഴുതിയിരുന്ന ടി.എ. റശീദ് പക്ഷേ, പെട്ടെന്ന് രംഗം വിടുകയാണുണ്ടായത്. കെ.വി.എം. പന്താവൂര് കഴിവുറ്റ കവിയാണ്. ജാഹിലിയ്യഃ കാലത്തെ പ്രശസ്ത കാവ്യങ്ങളായ *സബ്ഉൽ മുഅല്ലഖാത്* അടക്കം ധാരാളം അറബി കവിതകൾ കവിതാരൂപത്തിൽ വിവർത്തനം ചെയ്തിട്ടുള്ള അദ്ദേഹം ആ രംഗത്തും തനിക്കുള്ള പ്രാഗല്ഭ്യം തെളിയിച്ചിട്ടുണ്ട്. ഇ.കെ.എം. പന്നൂര്, ചെറിയമുണ്ടം അബ്ദുർറസ്സാഖ്, ഐ.പി.ഐ. സ്വാദിഖ് തുടങ്ങിയവർ ഇടക്കിടെ ഇസ്‌ലാമിക കവിതകൾ എഴുതാറുള്ളവരാണ്. യുവ കവിയായ മുഹമ്മദ് കുട്ടി എളമ്പിലാക്കോട് *കോകില ഗാനം* എന്ന പേരിൽ ഒരു കാവ്യസമാഹാരം പുറത്തിറക്കിയിട്ടുണ്ട്. കുട്ടികൾക്ക് വേണ്ടി ധാരാളം കവിതകൾ രചിച്ചിട്ടുള്ള അബ്ദുൽ ഹയ്യ് എടയൂരാണ് ഈ രംഗത്തെ മറ്റൊരു ശ്രദ്ധേയൻ. മുഹമ്മദ് നബിയുടെയും ഉമറുബ്നുൽ ഖത്ത്വാബിന്റെയും മറ്റും ജീവ ചരിത്രങ്ങൾ ലളിതമായ ഭാഷയിൽ കവിതയാക്കിയിട്ടുണ്ട് അദ്ദേഹം.

കെ.ബി. മുഹമ്മദ് വളാഞ്ചേരിയുടെ *കണ്ണീരും പുഞ്ചിരിയും* എന്ന നാടകം ഇസ്‌ലാമിക വൃത്തത്തിൽ ഏറെ പ്രചാരം നേടുകയുണ്ടായെങ്കിലും അതിനുശേഷം മറ്റൊരു കൃതി അദ്ദേഹത്തിൽനിന്നുണ്ടായില്ല. *യാചകൻ, വൈരാഗി* തുടങ്ങിയ ചെറുകഥാ സമാഹാരങ്ങൾ പുറത്തിറക്കിയിട്ടുള്ള സി.വി.കെ. വാണിമേൽ ധാരാളം ഇസ്‌ലാമിക ചെറുകഥകൾ എഴുതിയിരുന്നു. ഹഫ്സ്വഃ എന്ന തൂലികാനാമത്തിൽ കഥകളും നോവലുകളും കവിതകളുമൊക്കെ എഴുതാറുള്ള പി.കെ. ഹാശിം അടുത്ത കാലത്തായി ഇസ്‌ലാമിക വീക്ഷണം തന്റെ രചനകളിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. വ്യതിരിക്തതയും ഇസ്‌ലാമിക ചൈതന്യവുമുള്ള ഒന്നിലേറെ നോവലുകൾ എഴുതിക്കൊണ്ട് അടുത്ത കാലത്ത് സാഹിത്യ രംഗത്തേക്ക് കടന്നുവന്ന എഴുത്തുകാരനാണ് പ്രൊഫ. അഹ്മദ് കുട്ടി ശിവപുരം. അബ്ദുൽ ഖാദിർ കൊടുവള്ളിയാണ്  ഈ രംഗത്തുള്ള മറ്റൊരെഴുത്തുകാരൻ. ശൈഖ് മുഹമ്മദ് കാരകുന്ന്, ടി.കെ. ഉബൈദ്, വി.എസ്. സലീം, ഇ.കെ.എം. പന്നൂര്, ചെറിയമുണ്ടം അബ്ദുർറസ്സാഖ്, അബ്ദുർറഹ്മാൻ ഇരിവേറ്റി തുടങ്ങിയവരുടെ തൂലികയിൽനിന്ന് ധാരാളം ഇസ്‌ലാമിക ബാലസാഹിത്യങ്ങൾ മലയാളത്തിന് ലഭിച്ചിട്ടുണ്ട്.

ഒരുപക്ഷേ, മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യങ്ങളിൽ എണ്ണംകൊണ്ടും മേന്മകൊണ്ടും മുന്തി നില്ക്കുന്നത് വിവർത്തന കൃതികളായരിക്കും. ഡോ. നജീബ് കീലാനി, അലി അഹ്മദ് ബാകഥീർ, അഹ്മദ് ബഹ്ജത്, ജീലാനി എം.എ. തുടങ്ങിയ അറബിയിലെയും ഉർദുവിലെയും പ്രശസ്തരായ ഇസ്‌ലാമിക സാഹിത്യകാരന്മാരുടെ രചനകൾക്ക് മലയാളത്തിൽ വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. വി.എ. കബീർ വിവർത്തനം ചെയ്ത *ഖുർആനിലെ ജന്തുകഥകൾ* (അഹ്മദ് ബഹ്ജത്), *ബിലയാം* (ജീലാനി എം.എ.), കെ.കെ. മുഹമ്മദ് മദനി മൊഴിമാറ്റം ചെയ്ത *ജക്കാർത്തയിലെ കന്യക* (നജീബ് കീലാനി), വി.എസ്. സലീം വിവർത്തനം ചെയ്ത *തുർക്കിസ്ഥാനിലെ രാവുകൾ* (നജീബ് കീലാനി), *പ്രവാചകൻമാർ* (അഹ്മദ് ബഹ്ജത്), സി.ടി. അബ്ദുർറഹീം വിവർത്തനം ചെയ്ത *കുളമ്പടികൾ* (അലി അഹ്മദ് ബാകഥീർ) തുടങ്ങിയവ അക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

ഇസ്‌ലാമിക ചൈതന്യം തുടിച്ചുനില്ക്കുന്ന കഥകളും കവിതകളും എഴുതുന്ന ധാരാളം മുസ്‌ലിം ചെറുപ്പക്കാർ അടുത്ത കാലത്തായി രംഗത്തുവന്നിട്ടുണ്ട്. ആനുകാലിക സംഭവങ്ങളുമായി തീവ്രമായി പ്രതികരിക്കുന്ന ഇവർ പുത്തൻ രചനാ രീതികൾ ഉപയോഗപ്പെടുത്തുന്നതിലും തൽപരരാണ്. എന്നാൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ടാവാം ഇവരിൽ പലരും പെട്ടെന്ന് രംഗം വിട്ടുപോകുന്നതായാണ് അനുഭവം.